1. സർവ്വലോക സൃഷ്ടിതാവേ സർവ്വത്തിനും നാഥാ
   സർവ്വ സൃഷ്ടികളും വാഴ്ത്തി വന്ദിക്കും മഹേശാ
   വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു നന്ദിയോടടിയാർ
   കീർത്തിക്കുന്നു ഘോഷിക്കുന്നു
   ആർത്തു മോദമോടെ

2. എണ്ണമില്ലാ ദൂതർസംഘം വാഴ്ത്തിടുന്ന ദേവാ
   ഖെറൂബികളും സ്രാഫികളും
   പുകഴ്ത്തും മഹേശാ -വാഴ്ത്തി

3. വാനഭൂമി സൂര്യചന്ദ്രനക്ഷത്രാദികളെ
   മാനമായ് ചമച്ചദേവനാഥനെ മഹേശാ
   -വാഴ്ത്തി

4. ജീവനുള്ള സർവ്വത്തിനും ഭക്ഷണം നൽകുന്ന
   ജീവനാഥാ ദേവദേവ പാഹിമാം മഹേശാ
   -വാഴ്ത്തി

5. വൃക്ഷ സസ്യാദികൾക്കെല്ലാം ഭംഗിയെ നൽകുന്ന
   അക്ഷയനാം ദേവദേവാ പാഹിമാം
   മഹേശാ -വാഴ്ത്തി

6. ഗംഭീരമായ് മുഴങ്ങിടും വമ്പിച്ച സമുദ്രം
   തമ്പുരാന്റെ വാക്കിനങ്ങു കീഴ്പ്പെടും
   മഹേശാ -വാഴ്ത്തി

7. ഊറ്റമായ് അടിക്കും കൊടുങ്കാറ്റിനേയും തന്റെ
   ശ്രേഷ്ഠകരം തന്നിൽ വഹിച്ചിടുന്ന
   മഹേശാ വാഴ്ത്തി

8. ദുഷ്ടരാകും ജനങ്ങൾക്കും നീതിയുള്ളവർക്കും
   വന്മഴയും നൽവെയിലും നല്കുന്ന
   മഹേശാ വാഴ്ത്തി

1. Sarvaloka srishtithaave sarvathinum naadha
   Sarvasrishtikalum vaazhthi vannikkum mahessa
   vaazhithidunnu vaazhthidunnu nanniyodadiyaar
   Keerthikkunnu ghoshikkunnu aarthumodhamode

2. Ennamilla dhoodhar sangam vaazhithidunna deva
   Kherubikalum sraafikalum pukazhthum
   mahessa - vaazh

3. Vaanabhoomi soorya chandranakshatraathikale
   Maanamaai chamacha devanaathane
   mahessa - Vaazh

4. Jeevanulla sarvathinum bhakshanam nalkunna
   Jeevanaadha devadeva paahimaam mahessa - vaazh

5. Vriksha sasyaadhikalkkellaam bhangiye nalkunna
   Akshayanaam devadeva paahimaam
   mahessa - Vaazh

6. Gambheeramaai muzhageedum vampicha samudram
   Thampuraante vaakkinangu
   keezhppedum mahessa - Vaazh

7. Oottamaayadikkum kodumkkaattineyum thante
   Sreshtakaram thannil vahicheedunna
   mahessa - Vaazh

8. Dhushtaraakum janangalkkum neethiyulla varkkum
   Vanmazayum nalveyilum nalkunna mahessa - Vaazh